മുഖ്യമന്ത്രി (ശ്രീ. ഇ. എം. ശങ്കരൻനമ്പൂതിരിപ്പാട്) :

(എ) സംസ്ഥാന ഗവണ്മെൻറിന്റെ സാമ്പത്തിക മാഗ്ഗങ്ങൾ വർദ്ധിപ്പിക്കുന്നതിനു് കേന്ദ്രഗവണ്മെൻറു് മുൻപാകെയും കേന്ദ്രഗവണ്മെൻറു് രൂപീകരിച്ച അഞ്ചാം ധനകാര്യകമ്മീഷൻ മുൻപാകെയും നിർദ്ദേശങ്ങൾ സമർപ്പിച്ചിട്ടുണ്ടു്.

(ബി) കൂടുതൽ കേന്ദ്രനികുതി വിഹിതം കിട്ടുന്നതിനു് അഞ്ചാം ധനകാര്യ കമ്മീഷൻ മുൻപാകെ സംസ്ഥാന ഗവണ്മെൻറിന്റെ നിർദ്ദേശങ്ങൾ അടങ്ങിയ മെമ്മോറാണ്ടം സമർപ്പിച്ചിട്ടുണ്ടു്. ഭരണഘടനയിലെ 269–ാം വകുപ്പിൽ പെടുത്തിയിട്ടുള്ള നികുതി മാർഗ്ഗങ്ങൾ കേന്ദ്രഗവണ്മെൻറു പൂർണ്ണമായും ചൂഷണം ചെയ്യുന്നതുകൊണ്ടു് സംസ്ഥാനങ്ങളുടെ ധനാഗമനില മെച്ചപ്പെടുത്തേണ്ടതാണെന്നും കമ്മീഷനോടു് നിവേദനം നടത്തിയിട്ടുണ്ടു്. കൂടാതെ സംസ്ഥാന ടാക്സേഷൻ എൻക്വയറി കമ്മിറ്റിയുടെ മേൽപ്പറഞ്ഞ കാര്യങ്ങളെ സംബന്ധിക്കുന്ന ശുപാർശകളും കേന്ദ്രഗവണ്മെൻറിനും ധനകാര്യകമ്മീഷനും തക്കതായ നടപടി എടുക്കുന്നതിനു് അയച്ചുകൊടുത്തിട്ടുണ്ടു്.

(സി) ധനകാര്യകമ്മീഷൻ അതിന്റെ റിപ്പോർട്ടു് ജൂലായ്മാസം 31–നു ഇൻഡ്യൻ പ്രസിഡൻറിനു് സമർപ്പിച്ചതായി അറിയുന്നു. റിപ്പോർട്ടിന്മേൽ കേന്ദ്രഗവണ്മെൻറിന്റെ തീരുമാനം എന്താണെന്നു് അറിവായിട്ടില്ല.

(ഡി) ഇക്കാര്യത്തിൽ കോൺഗ്രസ്സുതരമോ കോൺഗ്രസ്സിതരമെന്നോ ഉള്ള വ്യത്യാസത്തിനു പ്രസക്തിയില്ല.

(ഇ) തൽക്കാലം ഇല്ല.

(c) Unstarred Questions and Answers

തമിഴ്നാട്ടിലുള്ള മലയാളി വിരോധം

21. [132] ശ്രീ. കെ. ശേഖരൻനായർ : താഴെ കാണുന്ന ചോദ്യങ്ങൾക്കു് മുഖ്യമന്ത്രി സഭയെ മറുപടി നൽകുമോ :

(എ) നമ്മുടെ അയൽ സംസ്ഥാനമായ തമിഴ് നാട്ടിൽ മലയാളിവിരോധം ശക്തിപ്രാപിച്ചുവരുന്നതായി ഗവണ്മെൻറിനു് അറിയാമോ ;

(ബി) ഈ പ്രവണതയെ തടയുന്നതിനായി തമിഴ്നാടു് ഗവണ്മെൻറുമായി കൂടിയാലോചിച്ചു് മലയാളികളുടെ നേരെ ഉയർന്നുവന്നിട്ടുള്ള ഈ ഭീഷണി അവസാനിപ്പിക്കുവാൻ സത്വരനടപടികളും സ്വീകരിക്കുമോ ?

ഉത്തരം

(എ) അറിഞ്ഞുകൂടാ.

(ബി) ഉദിക്കുന്നില്ല.

ബാങ്കു ദേശവൽക്കരണം

22. [135] ശ്രീ. പി. ഉണ്ണികൃഷ്ണപിള്ള : താഴെ കാണുന്ന ചോദ്യത്തിനു് മുഖ്യമന്ത്രി സഭയെ മറുപടി നൽകുമോ :

വൻകിട ബാങ്കുകൾ ദേശവൽക്കരിക്കുന്നതു സംബന്ധിച്ചു് ഏതെങ്കിലും ചർച്ചകളോ, ആശയവിനിമയമോ കേന്ദ്രഗവണ്മെൻറു സംസ്ഥാന ഗവണ്മെൻറുമായി നടത്തിയിട്ടുണ്ടോ ?

ഉത്തരം

ഇല്ല.

LIBRARY ARCHIVES Kerala Legislative Assembly